(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതാണ്.

93 (1199) കാഡയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഡയുടെ നെയ്യാറ്റിൻകര ഡിവിഷന് കീഴിൽ 1998-99 വർഷത്തിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാഡയുടെ മറ്റ് ഡിവിഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ ഡിവിഷന് കീഴിൽ വളരെ കുറച്ച് പ്രവൃത്തികൾ മാത്രമേ ഈ കാലത്ത് നടത്തിയിട്ടുള്ളു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1999-2000 വർഷത്തിൽ ഈ ഡിവിഷന് കീഴിലുള്ള പ്രവൃത്തികളെ സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര ഡിവിഷന് കീഴിൽ 11 ഫീൽഡ് ഡ്രെയിനുകളുടേയും ഒരു ഫീൽഡ് ചാനലിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. കൂടാതെ ഒരു കുളത്തിന്റെ പുനരുദ്ധാരണ ജോലിയും നടപ്പാക്കി.

(ബി) കാഡയുടെ പ്രവർത്തനങ്ങൾ പരമാവധി ഓരോ പ്രോജക്ടിനും കീഴിലുള്ള കമാൻഡ് ഏരിയയുടെ വ്യപ്തിയിൽ ക്ലിപ്തപ്പെടുത്തിയാണ് നടപ്പാക്കുന്നത്. കാഡയുടെ പ്രവർത്തനങ്ങളുടെ ആരംഭഘട്ടത്തിൽ ഉൾപ്പെടുത്തിയ പത്ത് പദ്ധതികളിലൊന്നാണ് നെയ്യാർ പദ്ധതി. അതുകൊണ്ടുതന്നെ കാഡായുടെ മുഖ്യ നിർമ്മാണ പ്രവൃത്തികളായ ഫീൽഡ് ചാനൽ ജോലികളും വാരബന്ധി സൗകര്യം ഏർപ്പെടുത്തുന്ന ജോലികളും ഈ പദ്ധതിയുടെ ആയക്കെട്ട് പ്രദേശമായ 11655 ഹെക്ടർ സ്ഥലത്തും 1998-99ന് മുമ്പുതന്നെ പൂർത്തിയാക്കിക്കഴിഞ്ഞു. ആരംഭഘട്ടത്തിൽതന്നെ ഉണ്ടായിരുന്ന മറ്റൊരു നിർമ്മാണ പ്രവർത്തനമാണ് ഫീൽഡ് ഡ്രെയിൻ. പ്രസ്തുത ജോലിക്ക് തത്സമയം 50% ഗ്രാന്റും 50% ലോണുമാണ് നൽകിയിരുന്നത്. അതുകൊണ്ട് ഈ പ്രവൃത്തിക്ക് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ പിന്നീട് 100% ഗ്രാന്റ് ഏർപ്പെടുത്തിയതോടെ ഇപ്പോൾ പുരോഗതി പ്രാപിച്ചു വരുന്നു. അതിന്റെ ഫലമായി പതിമൂന്ന് ലക്ഷം രൂപ ചെലവാക്കി 1301 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് 1998-99 കാലത്ത് ഫീൽഡ് ഡ്രെയിൻ ജോലി നടപ്പാക്കി. കൂടാതെ ഇപ്പോൾ കേന്ദ്രാനുമതി ലഭിച്ചിരിക്കുന്ന വെള്ളക്കെട്ട് നിവാരണ ജോലികൾ നെയ്യാർ പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് ഏർപ്പെടുത്തിവരുന്നു. കൂടാതെ കാർഷിക പദ്ധതിക്കൾക്കായി മൊത്തം 68.59 ലക്ഷം രൂപ, 1998-99 വർഷത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പമ്പ, പെരിയാർവാലി, വാഴാനി, ചിറ്റൂർപുഴ, ഗായത്രി, പോത്തുക്കണ്ടി തുടങ്ങിയ പതിനൊന്ന് ഡിവിഷനുകളേക്കാൾ കൂടുതൽ തുക നെയ്യാറ്റിൻകര ഡിവിഷനിൽ കാർഷിക പദ്ധതികൾക്കായി ചെലവ് ചെയ്തിട്ടുണ്ട് എന്നതാണ് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 1999-2000 വർഷത്തിൽ 4800 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ഫീൽഡ് ഡ്രെയിൻ ജോലികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നെയ്യാർ പദ്ധതിയിൻകീഴിലെ ഇപ്പോഴുള്ള 11655 ഹെക്ടർ ആയക്കെട്ടിന് പുറമെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 357.75 ഹെക്ടർ പ്രദേശത്തുകൂടി ഫീൽഡ് ചാനൽ പൂർത്തീകരിക്കുന്നതിന് ഈ സാമ്പത്തികവർഷം പദ്ധതിയിട്ടിട്ടുണ്ട്. അതുപോലെ തന്നെ 2420.18 ഹെക്ടർ പ്രദേശത്ത് 279.34 ലക്ഷം രൂപ ചെലവിൽ വെള്ളക്കെട്ട് നിവാരണജോലികൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന നാല് ഇനങ്ങളിലായി കാർഷിക പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്:-

		ഭൗതിക ലക്ഷ്യം	സാമ്പത്തിക ലക്ഷ്യം
1	നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കൂൺകൃഷി. സ്വയംപര്യാപ്ത കർഷകകുടുംബം, മത്സ്യകൃഷി തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി	1308 ഹെക്ടർ	83.56 ലക്ഷം രൂപ
2	വിവിധ വിളകളിൽ ഗവേഷണ സ്ഥാപനങ്ങൾ നടത്തിയ ഗവേഷണഫലങ്ങൾ ആയക്കെട്ട് പ്രദേശത്തെ കൃഷിയിടങ്ങളിലേയ്ക്ക് യോജിച്ചതാണോ എന്ന് പരിശോധിച്ചറിയൽ	64 ഹെക്ടർ	1.154 ലക്ഷം രൂപ
3	കാർഷിക പരിശീലന പരിപാടികൾ	118 എണ്ണം	2.47 ലക്ഷം രൂപ
4	കിണർ, പമ്പുസെറ്റ് തുടങ്ങിയവയ്ക്ക് ധനസഹായം നൽകുക	30 എണ്ണം	1.50 ലക്ഷം രൂപ

94 (1200) കമാന്റ് ഏരിയ പദ്ധതികളിലെ ജീവനക്കാർ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ പദ്ധതികളിൽ മറ്റ് ഡിവിഷനുകളിൽനിന്നും എടുത്തിട്ടുള്ള ജീവനക്കാരെ നിലനിർത്തിയ വകയിൽ അധിക ചെലവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly